പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2909

11/12/2014-ൽ
മറുപടിയ്ക്ക്

## ആലത്തൂർ എസ്.എൻ കോളേജ്

**ചോദ്യം**
ശ്രീ.എ.കെ.ബാലൻ :

**മറുപടി**
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആലത്തൂർ എസ്. എൻ. കോളേജിൽ നിന്നും 2012-13, 2013-14, 2014-15 അദ്ധ്യയന വർഷങ്ങളിൽ എത്ര വിദ്യാർത്ഥികളെ പ്രിൻസിപ്പാൾ പുറത്താക്കിയിട്ടുണ്ട്; അവരുടെ പേരും, ക്ലാസ്സും ആരോപിക്കപ്പെട്ട കുറ്റവും വ്യക്തമാക്കുമോ ; | (എ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | 2012-13, 2013-14, 2014-15 അദ്ധ്യയന വർഷങ്ങളിൽ എത്ര വിദ്യാർത്ഥികൾക്ക് ഹാജർ കുറവുമൂലം പരീക്ഷ ഫീസ് അടയ്ക്കാൻ പ്രിൻസിപ്പൽ അനുവാദം നൽകിയിരുന്നു ; അവരുടെ പേരും, വിശദാംശങ്ങളും ലഭ്യമാക്കുമോ; | (ബി) | |
| (സി) | എത്ര വിദ്യാർത്ഥികൾക്ക് എതിരായി പ്രിൻസിപ്പൽ പോലീസിൽ പരാതി നൽകിയിട്ടുണ്ട്; ഇതിൽ എത്ര കേസ്സുകൾ അന്വേഷിച്ച വ്യാജമെന്ന് കണ്ടെത്തിയിട്ടുണ്ട് ; | (സി) | പതിനഞ്ച് വിദ്യാർത്ഥികൾക്കെതിരെ പ്രിൻസിപ്പാൾ പരാതി നൽകിയിട്ടുണ്ട്. ആയതിന് മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് കോടതിയുടെ പരിഗണനയിലാണ്. |
| (ഡി) | വിദ്യാർത്ഥികൾക്ക് എതിരായ പ്രിൻസിപ്പലിന്റെ നിലപാടിനെതിരായി വിദ്യാർത്ഥികൾ എത്ര കേസ്സുകൾ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഫയൽ ചെയ്തിട്ടുണ്ട് ; | (ഡി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ഇ) | എത്ര കേസ്സുകളിൽ വിദ്യാർത്ഥികൾക്ക് എതിരായ വിധിയുണ്ടായി; എത്ര കേസ്സുകളിൽ വിദ്യാർത്ഥികൾക്ക് അനുകൂലമായ വിധിയുണ്ടായി; വിദ്യാർത്ഥികൾക്ക് അനുകൂലമായ വിധിയുണ്ടായ കേസ്സുകളിൽ ആയത് പാലിക്കാൻ പ്രിൻസിപ്പൽ തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ഇ) | വിദ്യാർത്ഥികൾക്കെതിരായി റിപ്പോർട്ട് ചെയ്തിട്ടുള്ള മൂന്ന് കേസുകളും കോടതിയുടെ പരിഗണനയിലാണ്. ടി കേസുകളിൽ വിധി പുറപ്പെടുവിച്ചിട്ടില്ലാത്തതാകുന്നു. |

| | | | |
|---|---|---|---|
| (എഫ്) | കോളേജിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ജില്ലാ കളക്ടർ യോഗം വിളിച്ചിരുന്നോ; എന്തായിരുന്ന യോഗതീരുമാനങ്ങൾ; അവ നടപ്പാക്കാൻ പ്രിൻസിപ്പൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (എഫ്) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ജി) | കാലിക്കറ്റ് യൂണിവേഴ്സിറ്റി വിദ്യാർത്ഥികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ നൽകിയ നിർദ്ദേശങ്ങൾ പ്രിൻസിപ്പൽ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; കഴിഞ്ഞ മൂന്ന് വർഷമായി പ്രിൻസിപ്പലും കോളേജ് അധികൃതരും വിദ്യാർത്ഥികളോട് വൈരനിര്യാതന ബുദ്ധിയോടെ പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഹൈക്കോടതി വിധികൾ, യൂണിവേഴ്സിറ്റി നിർദ്ദേശങ്ങൾ, കളക്ടറുടെ നിർദ്ദേശം എന്നിവയൊന്നും പാലിക്കാതിരിക്കാൻ കോളേജ് പ്രിൻസിപ്പലിനുള്ള പ്രത്യേകാധികാരങ്ങൾ വ്യക്തമാക്കുമോ; വിദ്യാർത്ഥികളുടെ ഭാവിയെ ബാധിയ്ക്കാതിരിയ്ക്കുന്നതിന്അവർക്ക് തുടർ പഠനത്തിനും, പരീക്ഷ എഴുതുന്നതിനും നടപടി സ്വീകരിക്കുമോ ? | (ജി) | ആലത്തൂർ എസ്.എൻ കോളേജിൽ നിന്നും പുറത്താക്കപ്പെട്ട ശ്രീ.അൻഷിഫ്.കെ എന്ന വിദ്യാർത്ഥി നൽകിയ പരാതിയിന്മേൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി ടിയാനെ തിരിച്ചെടുക്കണമെന്ന് പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയെങ്കിലും ആയത് പ്രിൻസിപ്പാൾ നടപ്പിലാക്കിയിട്ടില്ല. കോടതിയുടെയും യൂണിവേഴ്സിറ്റിയുടെയും നിർദ്ദേശങ്ങൾ നടപ്പിലാക്കാതിരിക്കുവാൻ പ്രിൻസിപ്പാളിന് പ്രത്യേക അധികാരമില്ല. ഈ വിഷയത്തിലുള്ള കോടതി വ്യവഹാരത്തിന്റെ തീർപ്പനുസരിച്ച് അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ